പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1731 | 11.2.2013 ൽ മറുപടിയ്ക്ക്

രാസവളങ്ങളുടെ വിലനിയന്ത്രണം

| ചോദ്യം | | മറുപടി |
|---|---|---|
| ഡോ.കെ.ടി.ജലീൽ | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരമേറ്റ ശേഷം രാസവളങ്ങൾക്ക് കേന്ദ്ര സർക്കാർ എത്ര തവണ വില വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം രാസവളങ്ങളായ മ്യൂറിയേറ്റ് ഓഫ് പൊട്ടാഷിന് 9 തവണയും ഫാക്ടംഫോസിന് 5 തവണയും 20:20:0:13 ന് 2 തവണയും ഡൈ അമോണിയം ഫോസ്ഫേറ്റിന് 7 തവണയും യൂറിയക്ക് ഒരു തവണയും വില വർദ്ധനയുണ്ടായിട്ടുണ്ട്. |
| ബി) രാസവളങ്ങളുടെ വില നിയന്ത്രിക്കുന്നതിനും സബ്സിഡി നിരക്കിൽ കർഷകർക്ക് അവയുടെ ലഭ്യത ഉറപ്പ് വരുത്താനും സർക്കാർ തലത്തിൽ എന്തൊക്കെ ചെയ്യാൻ കഴിഞ്ഞു എന്ന് വിശദമാക്കാമോ; | (ബി) | രാസവളങ്ങളുടെ വില നിയന്ത്രണം കേന്ദ്ര സർക്കാരാണ് നടപ്പിലാക്കുന്നത്. നെല്ല്,തെങ്ങ്, പച്ചക്കറി തുടങ്ങിയവയ്ക്ക് കൃഷി വകുപ്പും, തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന പദ്ധതികളിൽ ഉൾപ്പെടുത്തി പരമാവധി സബ്സിഡി അനുവദിക്കുന്നുണ്ട്. കൂടാതെ 8.11.2011 മുതൽ സംസ്ഥാനത്ത് വിതരണം ചെയ്യുന്ന രാസവളങ്ങളെ വാറ്റ് നികുതിയിൽ നിന്നും ഒഴിവാക്കി ഉത്തരവായിട്ടുണ്ട് |
| സി) ഇതിനായി എത്ര രൂപ കൃഷി വകുപ്പിൽ നിന്നും ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ? | (സി) | രാസവളങ്ങളുടെ സബ്സിഡി നൽകുന്നത് കേന്ദ്ര ഗവൺമെന്റാണ്. |

സെക്ഷൻ ഓഫീസർ